ഖുത്വ്ബ
25.11.2005
ബൈത്തുൽഫുത്വൂഹ്, ലണ്ടൻ

# അനാചാരങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കുക

الَّذِينَ يَتَّبِعُونَ الرَّسُولَ النَّبِيَّ الْأُمِّيَّ الَّذِي يَجِدُونَهُ
مَكْتُوبًا عِندَهُمْ فِي التَّوْرَاةِ وَالْإِنجِيلِ يَأْمُرُهُم
بِالْمَعْرُوفِ وَيَنْهَاهُمْ عَنِ الْمُنكَرِ وَيُحِلُّ لَهُمُ الطَّيِّبَاتِ
وَيُحَرِّمُ عَلَيْهِمُ الْخَبَائِثَ وَيَضَعُ عَنْهُمْ إِصْرَهُمْ
وَالْأَغْلَالَ الَّتِي كَانَتْ عَلَيْهِمْ ۚ فَالَّذِينَ آمَنُوا بِهِ وَ
عَزَّرُوهُ وَنَصَرُوهُ وَاتَّبَعُوا النُّورَ الَّذِي أُنزِلَ مَعَهُ ۙ
أُولَٰئِكَ هُمُ الْمُفْلِحُونَ ۝

**നി**രക്ഷരപ്രവാചകനായ ഈ ദൂതനെ പിൻപറ്റുന്നവരാണവർ. അദ്ദേഹത്തെ സംബന്ധിച്ച് അവരുടെയടുക്കൽ തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർ കണ്ടെത്തുന്നു; അദ്ദേഹം അവരോട് നല്ല കാര്യങ്ങൾ കല്പിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും, നല്ലവസ്തുക്കൾ അദ്ദേഹം അവർക്ക് അനുവദിക്കുകയും ചീത്ത വസ്തുക്കളെ അവർക്ക് നിഷിദ്ധമാക്കുകയും അവരിൽനിന്ന് അവരുടെ ഭാരത്തെയും അവരുടെമേൽ ഉണ്ടായിരുന്ന കുരുക്കുകളേയും അകറ്റുകയും ചെയ്യുന്നു. അതിനാൽ, അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തെ ബഹുമാനിക്കുകയും, അദ്ദേഹത്തിന് പിൻതുണ നല്കുകയും, അദ്ദേഹത്തെ സഹായിക്കുകയും, അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ട പ്രകാശം പിൻപറ്റുകയും ചെയ്യുന്നവരാരോ അവർതന്നെയാണ് വിജയികൾ." (*7:158*)

ലോകത്തുള്ള ഓരോ ജനതയ്ക്കും ഓരോ നാടിനും അവരുടേതായ ചില സമ്പ്രദായങ്ങളും വഴക്കങ്ങളുമുണ്ട്. അവയിലൊന്ന് അവരുടെ വിവാഹാവസരങ്ങളിൽ കാണപ്പെടുന്ന നടപടികളും വഴക്കങ്ങളുമാണ്. ക്രിസ്ത്യാനികളാവട്ടെ, മുസ്ലിംകളാവട്ടെ അല്ലെങ്കിൽ മറ്റേതു മതവിശ്വാസികളാകട്ടെ തങ്ങളുടെ നാടിന്റേയും ഗോത്രത്തിന്റേയും അടിസ്ഥാനത്തിൽ സന്തോഷവേളകളിലും വിവാഹാവസരങ്ങളിലും സന്തോഷം പ്രകടിപ്പിക്കുന്നതിന് അവരുടേതായ രീതികൾ അനുവർത്തിച്ചുപോരുന്നു. ഇസ്ലാമിനു പുറമെ മറ്റു മതവിശ്വാസികൾ ആ നടപടികളും കീഴ്‌വഴക്കങ്ങളും തങ്ങളുടെ മതത്തിന്റെ ഭാഗമാക്കിക്കഴിഞ്ഞിരിക്കുന്നു. ക്രിസ്തുമതത്തിൽ പ്രത്യേകിച്ചും എവിടെച്ചെന്നാലും അവിടെയെല്ലാം ആ നാടിന്റെ കീഴ്‌വഴക്കങ്ങളനുസരിച്ച് അവരുടെ ആ നടപടികളും കീഴ്‌വഴക്കങ്ങളും മതത്തിന്റെ ഭാഗമായിക്കഴിഞ്ഞതായിട്ടുകാണാം. ചിലർ അതെല്ലാം കണ്ടിട്ട് കണ്ണടച്ചുകളയാറുമുണ്ട്. എന്നാൽ, തികവുറ്റതും സമ്പൂർണ്ണവുമായ ഇസ്ലാംമതം, സന്തോഷവേളകളിൽ ചില കാര്യങ്ങൾ ചെയ്യാൻ അനുവാദം നല്കിയിട്ടുണ്ട് എന്നത് ശരിതന്നെ.

ഹസ്റത്ത് ആയിശാ(റ) ഒരവസരത്തിൽ, പുതിയപെണ്ണിനെ ചമയിച്ച് ഒരു അൻസാരിയുടെ വീട്ടിലേക്ക് യാത്രയാക്കി. ഹസ്റത്ത് ആയിശാ(റ) പറയുന്നു: അത് കണ്ടപ്പോൾ നബി(സ) തിരുമേനി എന്നോടു ചോദിച്ചു: "ആയിശാ! പുതിയപെണ്ണിനെ പുതുചെറുക്കന്റെ വീട്ടിലേക്ക് പറഞ്ഞയക്കുമ്പോൾ നീ എന്തുകൊണ്ട് പാട്ടു പാടാനുള്ള ഏർപ്പാട് ചെയ്തില്ല. മദീനയിലെ ആളുകൾ അതിഷ്ടപ്പെടുന്നതാണല്ലോ."

ഒരിക്കൽ അവിടന്ന് പറഞ്ഞു: "നിക്കാഹ് നല്ല വണ്ണം വിളംബരം ചെയ്യുക. ഈ അവസരത്തിൽ ദഫ് മുട്ടുക." ഇങ്ങനെയൊക്കെ അനുവാദം തന്നിട്ടുണ്ടെങ്കിലും പൂർണ്ണമായനിലയിൽ സ്വാതന്ത്ര്യം നല്കി കെട്ടഴിച്ചുവിട്ടിട്ടില്ല. ഈ പാട്ടുപാടുന്നതിനും ചില പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. മാന്യമായ നിലയിലായിരിക്കണം ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടത്. അധികം ആർഭാടപൂർവ്വമല്ലാത്ത മാന്യമായിട്ടുള്ള സംവിധാനമാണ് ചെയ്യേണ്ടത്. നല്ല ഗാനങ്ങളാണ് ആലപിക്കേണ്ടത്. ഒരു കല്യാണാവസരത്തിൽ നബി(സ) തിരുമേനി ചില വാക്കുകൾ പറഞ്ഞുകൊടുത്തുകൊണ്ട് ഇങ്ങനെ പാടാൻ പറയുകയുണ്ടായി. "***അതയ്നാക്കും അതയ്നാക്കും ഫ അഹ്യാനാ ഫഅഹ്യാക്കും***" ഞങ്ങൾ നിങ്ങളുടെ വീട്ടിൽവന്നിരിക്കുന്നു. നിങ്ങൾ ഞങ്ങളെ സ്വാഗതം ചെയ്യുക.

കല്യാണാവസരമാണ് അതുകൊണ്ട് പ്രശ്നമൊന്നുമില്ല, എന്തുമാവാം എന്ന് ചിന്തിക്കുന്നവരുടെ ചിന്താഗതി തെറ്റാണ്. നമ്മുടെ രാജ്യങ്ങളിൽ കല്യാണത്തിന് ചിലപ്പോൾ നഗ്നവും അശ്ലീലചൊവയുള്ളതുമായ പാട്ടുകൾ വയ്ക്കാറുണ്ട്. അതുകേൾക്കുമ്പോൾ ലജ്ജിച്ചുപോകുന്നു. നിരർത്ഥകവും മോശപ്പെട്ടതുമായ പദങ്ങൾ ഉപയോഗിച്ചുള്ള പാട്ട് കേൾക്കുമ്പോൾ എങ്ങനെയാണ് അവർക്ക് അത് കേട്ടാസ്വദി

ക്കാൻ കഴിയുന്നതെന്ന് മനസ്സിലാകുന്നില്ല. അല്ലാഹുവിന് ശുക്ർ. അഹ്മദിയ്യാ സമൂഹം ഒരുപരിധിവരെ ഇത്തരം നിരർത്ഥകവും വ്യർത്ഥവുമായ പ്രവൃത്തികളിൽനിന്ന് സുരക്ഷിതമാണ്. മതത്തിന് ഒരു പ്രാധാന്യവും നല്കാത്തതും, മതാദ്ധ്യാപനങ്ങളെല്ലാം കളഞ്ഞുകുളിച്ചതുമായ മറ്റു മതക്കാരുടെ സന്തോഷാവസരങ്ങളിലെപോലെ ഒച്ചയും ബഹളവും മദ്യപിച്ച് നൃത്തം ചെയ്യലും വേണ്ടാത്ത പ്രവർത്തികളും ഇന്ന് നമ്മുടെ പാക്കിസ്ഥാനിലേയും ഇന്ത്യയിലേയും മുസ്‌ലിം സമൂഹങ്ങളിൽ ദ്രുതഗതിയിലാണ് പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നത്.

ഞാൻ പറഞ്ഞതുപോലെ, ഈ സമൂഹത്തിന്റെ സ്വാധീനംകൊണ്ട് അഹ്മദികളേയും അത് ബാധിക്കാനിടയുണ്ട്. എന്നല്ല, ഒറ്റയും തെറ്റയും പരാതികൾ ഇതുസംബന്ധമായി എനിക്കു ലഭിക്കുന്നുമുണ്ട്. അഹ്മദികൾ ഇത്തരം വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് തങ്ങളെ സുരക്ഷിതരാക്കണമെന്ന കാര്യം ഓർക്കുക. ഞാൻ പറഞ്ഞതുപോലെ ചില അസഭ്യഗാനങ്ങൾ ചിലർ പാടുന്നു. ഹൈന്ദവർ ഇത്തരം ഗാനങ്ങൾ പാടുന്നത് അവരുടെ ദേവിദേവതകളെ പ്രീണിപ്പിക്കാനാണ്. വിവിധ ഉദ്ദേശ്യസാഫല്യങ്ങൾക്കായി പലതരത്തിലുള്ള മൂർത്തികളെ അവർ ഉണ്ടാക്കിവെച്ചിട്ടുണ്ട്. അതിനൊക്കെ പേരുമുണ്ട്. അവയോടാണ് അവർ സഹായം തേടുന്നത്.

നമ്മുടെയാളുകൾ ഒന്നും മനസ്സിലാക്കുകയോ ചിന്തിക്കുകയോ ചെയ്യാതെ ആ പാട്ടുകൾ ഏറ്റുപാടുകയും കേൾക്കുകയും ചെയ്യുന്നു. ഇത്തരം സന്തോഷാവസരത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം നേടുന്നതിനുപകരം- അല്ലാഹു ഈ വിവാഹം എല്ലാ രീതിയിലും വിജയിപ്പിക്കുകയും, ഇസ്‌ലാമിന് സേവകരാകുന്ന തലമുറ ഇവരിൽനിന്ന് സൃഷ്ടിക്കുകയും അല്ലാഹുവിനെ ആരാധിക്കുന്നവരുണ്ടാകുകയും ചെയ്യണമെന്ന വിചാരത്തിനുപകരം ഒരു ബോധവുമില്ലാതെ പാട്ടുംപാടി ശിർക്കിന് ഇക്കൂട്ടർ വശംവദരായിത്തീരുന്നു.

ഏതു വീട്ടുകാരെക്കുറിച്ചാണോ ഇത്തരം പരാതികൾ ലഭിക്കുന്നത്, അവരോട് ഞാൻ പറയുകയാണ്, വ്യർത്ഥവും അനാവശ്യവുമായ ഇത്തരം കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക. പാട്ടും നൃത്തവും ഇത്തരം ഘട്ടങ്ങളിൽ സംഘടിപ്പിക്കുന്നതും പുതിയപെണ്ണിനെ ചമയിച്ചിരുത്തുമ്പോഴും, ചെറുക്കന്റെ വീട്ടിലേക്ക് പെണ്ണിനെ കൊണ്ടുപോയാൽ അവിടെയും സഭ്യേതരമായ പാട്ടുകൾ വെച്ചുകൊണ്ട് നൃത്തം ചെയ്യുന്നതും അതിൽ ബന്ധുക്കളടക്കം എല്ലാവരും പങ്കെടുക്കുന്നതും ഒരിക്കലും അനുവദിക്കാൻ പറ്റുകയില്ല. സുഖാഢംബരങ്ങളിൽ ഒരുപാട് മുമ്പോട്ടു പോയിട്ടുള്ള ചില വീടുകളെക്കുറിച്ച് റിപ്പോർട്ടുകൾ ഇവിടെ കിട്ടുന്നുണ്ട്. ഇന്നയാൾ സമ്പന്നനാണ്, അതുകൊണ്ട് നടപടിയൊന്നുമുണ്ടായില്ല, അല്ലെങ്കിൽ അവർ ഇന്ന ഔദ്യോഗിക ഭാരവാഹിയുടെ ബന്ധുവായിരുന്നു അതുകൊണ്ട് അതിനെതിരിൽ നടപടിയെടുത്തില്ല, അതുകണ്ടില്ലാന്ന് നടിച്ചു, ഏതെങ്കിലും പാവപ്പെട്ടവനാണ് ഇത്തരം കാര്യം ചെയ്താൽ അവന് ശിക്ഷ കിട്ടും എന്നൊക്കെയാണ് എഴുതുന്നവർ പറയുന്നത്. എന്തായാലും ഇത് ആളുകളുടെ ദുർഭാവനയും കൂടിയാണ്.

ഏതെങ്കിലും അബദ്ധവശാൽ ചില കാര്യങ്ങളിൽ നടപടി ഉണ്ടാകാതെ വന്നാലും, ഈ ദുർധാരണകളിൽ കുറവുണ്ടാകുകയില്ല. ഇതുസംബന്ധമായി ഞാൻ വ്യക്തമായി പറയട്ടെ, ജമാഅത്തിന്റെ അന്തസ്സിനേയും ഇസ്‌ലാമികാദ്ധ്യാപനങ്ങളേയും തകിടം മറിക്കുന്ന ഇത്തരം കാര്യങ്ങൾ ഞാൻ കണ്ടാൽ, മുഖം നോക്കാതെയും പരിഗണനയൊന്നും കൂടാതെയും നടപടി കൈക്കൊള്ളുന്നതാണ്. നടപടിയെടുക്കുന്നുമുണ്ട്. അതുകൊണ്ട് ഇത്തരം ദുർധാരണകൾ വെച്ചുപുലർത്തുന്നവർ അത് അകറ്റേണ്ടതാണ്. ചിലയാളുകൾ അതിഥികളെയൊക്കെ പറഞ്ഞയച്ചതിനുശേഷം തങ്ങളുടെ പ്രത്യേക അതിഥികളോടൊപ്പം വേറെ പരിപാടികൾ മിക്കപ്പോഴും ആസൂത്രണം ചെയ്യുന്നു. വീട്ടിൽ പ്രത്യേകമായി വ്യർത്ഥവും കൊള്ളരുതാത്തതുമായ പ്രവൃത്തികൾ നടക്കുന്നു. നൃത്തം ചെയ്യുകയും പാട്ടുപാടുകയും ചെയ്യുന്നു. പെൺകുട്ടികൾ മാത്രമായിരിക്കും നൃത്തം ചെയ്യുന്നത്. അല്ലെങ്കിൽ ആൺകുട്ടികൾ മാത്രമായിരിക്കും അങ്ങനെ ചെയ്യുന്നത്. എന്നാൽ, അവിടെ ആലപിക്കപ്പെടുന്ന അസഭ്യങ്ങളായ പാട്ടുകളും അതിനൊപ്പം ചെയ്യുന്ന നൃത്തങ്ങളും ക്ഷമിക്കാൻ പറ്റുന്നതല്ല. അതുകൊണ്ട് അന്യസമുദായങ്ങളിൽനിന്നുള്ള അനാചാരങ്ങളും വഴക്കങ്ങളും ദ്രുതഗതിയിൽ ബാധിച്ചു കൊണ്ടിരിക്കുന്ന ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും അഹ്മദികളോടു ഇന്ന് ഞാൻ പറയുകയാണ്, ഇക്കാര്യത്തിൽ നിങ്ങൾ തെറ്റുതിരുത്തി നിങ്ങളെ നന്നാക്കിയെടുക്കുക. ജമാഅത്തിന്റേയും പോഷകസംഘടനകളുടേയും പ്രവർത്തകർ ഈ കല്യാണാവസരങ്ങളിൽ ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ടോ എന്ന് വീക്ഷിക്കുക. എവിടെയെങ്കിലും ഇത്തരം, അനാവശ്യമായ സിനിമാഗാനങ്ങൾ, നൃത്തം അല്ലെങ്കിൽ അടിമുടി ശിർക്ക് പരത്തുന്ന ഗാനങ്ങൾ പാടുന്നതായി കണ്ടാൽ അതിനെക്കുറിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ഭയപ്പെടേണ്ട ഒരാവശ്യവുമില്ല. ഏതു കുടുംബക്കാരെന്നോ, ആരെന്നോ നോക്കേണ്ടതുമില്ല.

ഇപ്പോൾ പാക്കിസ്ഥാനിൽ കല്യാണസീസനാണ്. ഞാൻ പറഞ്ഞതുപോലെ ഒറ്റയുംതെറ്റയും പരാതികൾ ഉണ്ടാകാറുണ്ട്. അതുകൊണ്ട് ഈ ചില മാസങ്ങൾ പ്രത്യേകമായനിലയിൽ വീക്ഷിക്കേണ്ട ആവശ്യമുണ്ട്. ഇത്തരം പ്രവർത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ പെട്ടെന്നുതന്നെ അത് നോട്ടുചെയ്യേ

ണ്ടതാണ്. എന്നാൽ, ഇപ്പോൾ ഒരുപാട് വിവാഹങ്ങൾ നടക്കുന്നകാരണത്താൽ, പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും കണ്ടുകൊണ്ടും അറിഞ്ഞുകൊണ്ടും ഇത്തരം പ്രവർത്തികൾ ചെയ്യാറുണ്ട്. അന്യരെ നാം നമ്മുടെ വിവാഹത്തിനായി ക്ഷണിക്കുമ്പോൾ, അവരിലധികപേരും നമ്മുടെ വിവാഹ കർമ്മങ്ങളെ ഇഷ്ടപ്പെടുന്നവരാണ്. അതായത്, നമ്മൾ ഖുർആൻ പാരായണം ചെയ്യുന്നു. പ്രാർത്ഥനകൾ നിറഞ്ഞ പദ്യങ്ങൾ ചൊല്ലുന്നു. ദുആ ചെയ്യുന്നു. പെൺകുട്ടിയെ, ചെറുക്കന്റെ വീട്ടിലേക്ക് മാന്യമായനിലയിൽ പറഞ്ഞയക്കുന്നു. ദമ്പതികൾക്ക് സ്നേഹത്തോടുകൂടി ജീവിക്കാനും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവരെ അവൻതന്നെ അനന്തരാവകാശികളാക്കാനും, അവരുടെ വരുംതലമുറയ്ക്കും വേണ്ടി നമ്മൾ ദുആ ചെയ്യുന്നു. പെൺകുട്ടിയുടെ കല്യാണാവസരങ്ങളിൽ പ്രാർത്ഥനാപദ്യങ്ങൾ ചൊല്ലുന്നതിനോടൊപ്പം സന്തോഷം പ്രകടിപ്പിക്കാനായി മാന്യമായ തരത്തിലുള്ള മറ്റു പദ്യങ്ങളും ചൊല്ലാവുന്നതാണ്. ഇത് ഓരോ നാട്ടിലേയും ആചാരങ്ങളും വഴക്കങ്ങളുമനുസരിച്ച്, മദീനക്കാർ ഇഷ്ടപ്പെടുന്നു എന്ന് നബി(സ) തിരുമേനി പറഞ്ഞതുപോലെ- ഇതു നിർബന്ധമായും വേണമെന്നല്ല പറഞ്ഞത് മദീനക്കാർ ഇഷ്ടപ്പെടുന്നു എന്നാണ് അവിടന്ന് പറഞ്ഞത്, കൂടാതെ അതിൽ മതത്തിൽനിന്ന് തെന്നിമാറുന്ന അനാചാരങ്ങളൊന്നും ഉണ്ടായിരുന്നില്ല- ചെയ്യുന്നതുകൊണ്ട് വിരോധമില്ല. ഓരോരുത്തരും, ഓരോ ഗോത്രക്കാരും തീർച്ചയായും ദഫ് മുട്ടിപാടണമെന്നും ഇത് നിർബന്ധമാണെന്നും അവിടന്ന് പറഞ്ഞില്ല. ഇതിന്റെ ഉദ്ദേശ്യം ദീനിൽ തിന്മ പരത്തുന്നതല്ലാത്ത ഓരോ സ്ഥലത്തേയും നടപ്പനുസരിച്ച് സന്തോഷം പ്രകടിപ്പിച്ചുകൊള്ളുക എന്നാണ്. ഇതൊരു വിശേഷാവസരമാണ്. ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ട് പ്രശ്നമൊന്നുമില്ല. എന്നാൽ, ശിർക്ക് പരക്കുമെന്ന് ആശങ്കയുണ്ടാക്കുന്നതും മതത്തിൽ വിള്ളലുകൾ ഉണ്ടാക്കുന്നതുമായ പ്രവർത്തികൾ അനുവദിക്കാൻ പറ്റുകയില്ല. കല്യാണാവസരത്തിൽ നടക്കുന്ന നടപടികൾ ദീൻ തന്നെയാണ്. നിങ്ങൾ വിവാഹം കഴിക്കാനാഗ്രഹിക്കുമ്പോൾ, ഓരോ കാര്യത്തിലും മുൻഗണന നല്കേണ്ടത് ദീൻ അധികമുള്ള പെൺകുട്ടിക്കായിരിക്കണമെന്ന് നബി(സ) പറഞ്ഞതാണ്. അതുകൊണ്ട് വിവാഹമെന്നത് സന്തോഷപ്രകടനമാണെന്നും വ്യക്തിപരമായ തങ്ങളുടെ കാര്യമാണെന്നും പറയുന്നത് തികച്ചും തെറ്റാണ്. ഇസ്ലാം ദുൻയാവ് ഉപേക്ഷിച്ചുകൊണ്ട് ഒരുഭാഗത്തേക്ക് മാത്രം ശ്രദ്ധിക്കാൻ പറയുന്നില്ല എന്നത് ശരിതന്നെ. എന്നാൽ, ദുൻയാവേ ശരണമെന്ന് പറഞ്ഞ് നടക്കാൻ ഇസ്ലാം പറയുന്നില്ല. വിവാഹം എന്നുപറയുന്നത് ഒച്ചയും ബഹളവും പാട്ടും കൂത്തും മാത്രമായിരുന്നെങ്കിൽ, നബി(സ) തിരുമേനി നിക്കാഹ് ഖുത്ബയിൽ, അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് തുടങ്ങി തഖ്വ സ്വായത്തമാക്കുന്നതിലേക്ക് ഇത്രമാത്രം കണിശമായി പറയുമായിരുന്നില്ല. എന്നല്ല, വിവാഹാവസരത്തിലുള്ള എല്ലാ ഉപദേശങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിത്തറതന്നെ തഖ്വയിലാണ്.

ഇസ്ലാം മധ്യമനിലയ്ക്കുള്ളിൽ നിന്നുകൊണ്ട്, അനുവദനീയമായ കാര്യങ്ങൾ ചെയ്യാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതിനുള്ളിൽതന്നെ നിന്നുകൊണ്ട് അത് ചെയ്യേണ്ടതാണ്. അത് ദുരുപയോഗം ചെയ്യരുത്. ദീനിന് വികൃതമാക്കുംവിധം അതിരുകടക്കാൻ പാടില്ല. അതുകൊണ്ട് മുസ്ലിം എന്നു വാദിക്കുന്ന ഒരു സത്യവിശ്വാസി, നന്മ പരത്തുന്നതിനും നന്മ ചെയ്യുന്നതിനും നല്ല തലമുറ നിലനില്ക്കുന്നതിനുംവേണ്ടി വിവാഹം നടത്തേണ്ടതാണ്. വിവാഹം കഴിക്കുന്ന യുവതിയുടേയും യുവാവിന്റേയും മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളുമെല്ലാം ഇക്കാര്യങ്ങൾ ഓർമ്മവയ്ക്കേണ്ടതാണ്. ഈ വിവാഹത്തിന് ഒരു ഉദ്ദേശ്യലക്ഷ്യമുണ്ടെന്നും, വെറും ഭൗതികമായ ഉദ്ദേശ്യങ്ങൾക്കും കളിതമാശകൾക്കും വേണ്ടിയല്ല അതെന്നും അവർ മനസ്സിലാക്കണം.

നബി(സ) തിരുമേനിയും വിവാഹങ്ങൾ ചെയ്തിരുന്നു. വിവാഹം എങ്ങനെ നടത്തണമെന്നുള്ള മാതൃകയും കാണിച്ചുതന്നു. വിവാഹം കഴിക്കാനും അത് ദീനിനുവേണ്ടി കഴിക്കാനും അവിടന്ന് പറഞ്ഞു. വെറും ആരാധനാകർമ്മങ്ങളിൽ മാത്രം മുഴുകുകയും ദീനീകാര്യങ്ങളിൽ ലയിച്ചിരിക്കുകയും സ്വന്തം ആത്മാവിനോടുള്ള കടമ നിറവേറ്റാതെയും ഭാര്യാമക്കളോടുള്ള കടമ നിറവേറ്റാതെയും ഇരിക്കുന്നവരോട് നബി (സ) പറഞ്ഞ ഉപദേശമാണിത്. അത്തരക്കാരേയും, പണത്തിനുവേണ്ടിയും സൗന്ദര്യം നോക്കിയും ഉന്നതതറവാട് തിരഞ്ഞും നടക്കുന്നവരെയും ആരാധയനയ്ക്കു സമയമില്ലാതെയും ദീനിനു സേവനം ചെയ്യാൻ നേരമില്ലാതെയും ഭൗതികമായ സ്വന്തം കാര്യവും ഭാര്യാമക്കളുടെ കാര്യവും മാത്രം നോക്കിനടക്കുന്നവരേയും നബി (സ) ഇഷ്ടപ്പെട്ടിരുന്നില്ല.

പറഞ്ഞതിന്റെ ചുരുക്കം, ദീനിനെ മറന്നുപോകുംവിധം ദുൻയാവിൽ ലയിക്കാൻ ഇസ്ലാം പറയുന്നില്ല. ഭൗതികകാര്യങ്ങൾ ഒന്നും ചെയ്യാതെ ആത്മീയകാര്യത്തിൽ മാത്രം മുഴുകാനും അത് സമ്മതിക്കുന്നില്ല.

ഒരു സ്വഹാബി താൻ വിവാഹം കഴിക്കുന്നില്ലെന്നും, എപ്പോഴും ആരാധനാകർമ്മങ്ങളിൽ മുഴുകുമെന്നും തീരുമാനിച്ചതായി നബി(സ) തിരുമേനി അറിഞ്ഞു. അതു കേട്ടപ്പോൾ അവിടന്ന് പറഞ്ഞു. ഇയാൾ എത്തരക്കാരനാണ്. ഞാൻ ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നു. നോമ്പും പിടിക്കുന്നു. മറ്റുള്ളവരോടുള്ള കട

മകളും നിറവേറ്റുന്നു. വിവാഹവും കഴിച്ചിട്ടുണ്ട്. ആരാണോ എന്റെ നടപടിക്രമങ്ങളിൽനിന്ന് മുഖം തിരിക്കുന്നത്, അവൻ എന്നിൽപെട്ടവനല്ല. നബി(സ) തിരുമേനി മനോഹരമായ ജീവിതമാതൃകയാണ് നമ്മുടെ മുമ്പിൽവെച്ചത്. അമിതത്വമോ അതിമിതത്വമോ ചെയ്യാൻ പാടില്ല. അവസാനം പറഞ്ഞു: ആരാണോ എന്റെ നടപടിക്രമങ്ങളിൽനിന്ന് മുഖംതിരിക്കുന്നത് അവൻ എന്നിൽപെടുന്നവനല്ല. വിവാഹം, സന്തോഷത്തിന്റെ പേരാണെന്ന് പറയുന്നവർക്കും ഇതിൽ മുന്നറിയിപ്പുണ്ട്. അതിലെന്ത് കാണിച്ചാലും പ്രവർത്തിച്ചാലും ഒരു പ്രശ്നവുമില്ലെന്നാണ് അവർ മനസ്സിലാക്കുന്നത്. ആരാണോ എന്റെ സുന്നത്തിൽ നിന്ന് മുഖം തിരിക്കുന്നത് അവൻ എന്നിൽപ്പെട്ടവനല്ല എന്ന് പറഞ്ഞുകൊണ്ട് ഈ അമിതത്തം കാണിക്കുന്നവരോട് വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് രക്ഷപെടണമെന്നും നന്മ നിലനാട്ടണമെന്നും എന്നല്ല തഖ്വയുടെ ഉന്നതനില കരസ്ഥമാക്കൽ എന്റെ സുന്നത്താണെന്നും നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങളും നന്മയിലൂടെ നടക്കുന്നതിനും വ്യർത്ഥമായ കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ശ്രമിക്കുക. വിവാഹം നടക്കുന്ന ചില വീട്ടുകാർ മറ്റുള്ളവർ പറയുന്നവർ കേട്ടോ വാശിപിടിച്ചോ അല്ലെങ്കിൽ മറ്റുള്ളവരെ കാണിക്കുന്നതിനോ– മറ്റുള്ളവർ ഇങ്ങനെ പാട്ടുപാടിയിരുന്നു, ഇന്നവരും ഇങ്ങനെയൊക്കെ ചെയ്തിരുന്നു, അതുകൊണ്ട് ഞങ്ങളും ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് സ്വന്തം നന്മകളെ നശിപ്പിച്ചുകളയാറുണ്ട്. അതിനാൽ ഇത്തരം കാര്യങ്ങളിൽനിന്ന് ഓരോ അഹ്മദിയും രക്ഷപ്പെടേണ്ടതാണ്. ഇന്നയാൾ അത് ചെയ്തിട്ടുണ്ടെങ്കിൽ അതിന് അയാൾ കണക്ക് ബോധിപ്പിക്കേണ്ടിവരും. നിങ്ങൾ നിങ്ങളുടെ കണക്കാണ് ബോധിപ്പിക്കേണ്ടത്. ഒരുവൻ ഇങ്ങനെ ചെയ്യുകയും ജമാഅത്ത് അറിയാത്തതുകൊണ്ട് അവൻ രക്ഷപ്പെടുകയും ചെയ്തതുകൊണ്ട് നിങ്ങൾ രക്ഷപ്പെട്ടുകൊള്ളണമെന്നില്ല. നന്മകൾ ചെയ്യേണ്ടത് അല്ലാഹുവിനു വേണ്ടിയാണ്. അവൻ എല്ലാ കർമ്മങ്ങളും കണ്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഉൾപ്പെടുന്നതിന് മതത്തിൽ തിന്മയും അനാചാരങ്ങളും ഉണ്ടാക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും രക്ഷപ്പെടേണ്ടതാണ്. ഈ അനാചാരങ്ങൾ കൂടാതെ വിവാഹാവസരങ്ങളിൽ ചെയ്യപ്പെടുന്ന ഒരുപാട് തിന്മകളുണ്ട്. അത് കണ്ടുകൊണ്ട് മറ്റുള്ളവരും അത് ചെയ്യാൻ തുടങ്ങുന്നു. ഇങ്ങനെ തിന്മകൾ സമൂഹത്തിൽ വേരുപിടിച്ചുകൊണ്ടേപോകുന്നു. അത് മതത്തേയും മതവ്യവസ്ഥിതിയേയും ദുഷിപ്പിക്കുന്നു, അതിനാൽ മറ്റുള്ളവരുടെ ഉദാഹരണം പറഞ്ഞുകൊണ്ട് നിങ്ങൾ തടിതപ്പാൻ ശ്രമിക്കാതിരിക്കുക. നിങ്ങൾ സ്വയം അത്തരം കാര്യങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. ഇനി മറ്റാരെങ്കിലും ഇത്തരം പ്രവർത്തി ചെയ്യുന്നതുകണ്ടാൽ അത് ബന്ധപ്പെട്ടവരെ അറിയിക്കുക. അത്തരം കാര്യങ്ങൾ എന്തായാലും അറിയിക്കാൻ കഴിയുന്നതാണ്. എന്നാൽ, ഇന്നയാൾ ചെയ്തതുകൊണ്ട് ഞങ്ങളും ചെയ്യുന്നു എന്ന രീതി വിലപ്പോവില്ല. സഭ്യേതരമായ ഗാനങ്ങളെ കുറിച്ചും നൃത്തത്തെക്കുറിച്ചും ഞാൻ പറയുകയുണ്ടായി. അത്തരം പ്രവർത്തികൾ ചെയ്താൽ നടപടിയുണ്ടാകും.

എന്നാൽ, ചില ദോഷങ്ങളുണ്ട്. അതിൽ ശിർക്ക്പരമായിട്ടുള്ളതൊന്നും ഉണ്ടാവുകയില്ല. പക്ഷേ, വ്യർത്ഥമായ കാര്യങ്ങൾ തീർച്ചയായും ഉണ്ടാകും. ഇത്തരം കാര്യങ്ങൾ പിന്നീട് ഭാരമായിക്കൊണ്ടേപോകും. അത് ചെയ്യുന്നവരും ബുദ്ധിമുട്ടിൽ അകപ്പെടുന്നു. അവരോടു ചേർന്നുനില്ക്കുന്നവരേയും അത് ബുദ്ധിമുട്ടിക്കുന്നു. അവയിൽ സ്ത്രീധനവും, വിവാഹചെലവും, വലീമയുടെ ചെലവും അതിനോട് ചേർന്നുവരുന്ന മറ്റനാചാരങ്ങളും ചെലവുകളുമൊക്കെയുണ്ട്. അതെല്ലാം തികച്ചും വ്യർത്ഥവും ഭാരവുമാണ്. നമ്മൾ ഇതിനെയൊന്നും അംഗീകരിക്കുന്നവരല്ല. എന്നല്ല, ജീവിതത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന ഇത്തരം ദുരാചാരങ്ങളിൽനിന്നെല്ലാം ജനങ്ങളെ രക്ഷിക്കുന്നവരാണ്. അതുകൊണ്ട് നമ്മൾ സന്തോഷിക്കണം. മറ്റു മതക്കാരെ കണ്ടുകൊണ്ട് അവർ ചെയ്യുന്ന വ്യർത്ഥമായ കാര്യങ്ങളെ സ്വായത്തമാക്കുന്നവരായിത്തീരരുത് നാം.

ഞാനോതിയ വചനത്തിൽ പറഞ്ഞത് നിങ്ങൾ കേട്ടുകഴിഞ്ഞു. നിങ്ങളുടെ ഭാരം ലഘൂകരിക്കുന്ന നബിയെ വിശ്വസിച്ചവരാണ് നിങ്ങൾ. നിങ്ങളുടെ കഴുത്തിൽ വളയമായി കിടക്കുന്ന വ്യർത്ഥമായ കാര്യങ്ങളും അനാചാരങ്ങളും മുഖേന നിങ്ങളിൽ ശിക്ഷ വരാൻ പോവുകയാണ്. നിങ്ങൾ വിശ്വസിച്ച നിങ്ങളുടെ മതത്തെ പിൻപറ്റുന്നതിന് പകരം, നിങ്ങൾ മോചിതരായ അനാചാരങ്ങളിലും വഴക്കങ്ങളിലും വീണ്ടും നിങ്ങൾ ചെന്നുവീഴുകയാണ്. ഈ അദ്ധ്യാപനം മുഖേന ഈ ഭാരം കുറഞ്ഞകാരണത്താൽ നിങ്ങൾ ഭാഗ്യവാന്മാരാണെന്ന് അല്ലാഹു പറയുന്നു. ഇതിൽ നിങ്ങൾ വിജയംപ്രാപിക്കുന്നതാണ്. വിജയങ്ങൾ നിങ്ങളുടെ പാദങ്ങളെ ചുംബിക്കും. പുണ്യകർമ്മങ്ങൾ ചെയ്യാനുള്ള സൗഭാഗ്യം കിട്ടും. അതിനാൽ നമ്മൾ ഈ അനാചാരങ്ങളും നാട്ടുനടപ്പുകളും ഉപേക്ഷിക്കുകയാണെങ്കിൽ അനുഗ്രഹം ഉണ്ടാകുമെന്ന സുവാർത്ത അല്ലാഹു അറിയിക്കുന്നു. എന്നാൽ, നാം ദുൻയാവിനെ കണ്ടുകൊണ്ട് അതിൽ വീഴുന്നവരായി തീരുകയാണ് ചെയ്യുന്നത്.

മറ്റു ചില തിന്മകളെക്കുറിച്ചും ഞാൻ പറഞ്ഞിരുന്നു. അതും ചിലപ്പോൾ അഹ്മദി സമൂ

ഹത്തിൽ കണ്ടുവരാറുണ്ട്. ചില വിഭാഗങ്ങളിൽ ഈ തിന്മകൾ അനാചാരങ്ങളുടെ രൂപം പ്രാപിക്കുന്നു. ഇത് കൂടാതെ വിവാഹം പൂർണ്ണമാവില്ലെന്നാണ് അവർ കരുതുന്നത്. നമ്മുടെ ജനതയ്ക്കു പുറമെ മറ്റ് ജനതകളിലും ഇത് ഉണ്ടാകാം. ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും ജനങ്ങളിൽ ഏറ്റവും ആദ്യം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിച്ച വരാണ് ഇവിടെയിരിക്കുന്ന പലരുടേയും മുൻകഴിഞ്ഞ മഹാത്മാക്കൾ. നിങ്ങൾ ഒരിക്കലും ഭാരമായിതീർന്നുകൊണ്ടിരിക്കുന്ന ഈ അനാചാരങ്ങളെ അനുവദിക്കാൻ പാടില്ല. നിങ്ങൾ നിങ്ങളുടെ സമ്പ്രദായങ്ങളിലും നടപടികളിലും ശക്തിചെലുത്തുമ്പോൾ മറ്റുള്ള ജനതകൾക്കും അവരുടേതായ സമ്പ്രദായങ്ങളിലും നടപടികളിലും ശക്തിചെലുത്താൻ അവകാശമുണ്ട്.

ചില സമ്പ്രദായങ്ങൾ ദീനിന് ദോഷമുണ്ടാക്കുന്നതല്ല. അത്തരം കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഓരോ ദേശത്തും അത് വിഭിന്നരീതിയിലാണുള്ളത്. ഒരു അൻസാരീയുവാവിന്റെ വിവാഹാവസരത്തിലും സന്തോഷം പകരേണ്ടതെങ്ങനെയെന്ന് നബി(സ) ഉദാഹരണം പറഞ്ഞുതന്നു. എന്നാൽ മതത്തിൽ ദോഷമുണ്ടാക്കുന്ന കാര്യത്തിൽ അത് ഏത് ജനതയുടേതാണെങ്കിലും വിലക്കപ്പെടേണ്ടതാണ്. കാരണം അഹ്മദിസമൂഹം ഒരൊറ്റ സമൂഹമാണ്. എല്ലാവരും ചേർന്നുകൊണ്ട് ഏകത്വം സ്ഥാപിക്കുകയും ഇസ്ലാമിന്റെ കൊടി നാട്ടുകയും ചെയ്യേണ്ടതാണ്. ഓരോ സ്ഥലത്തും വിവിധതരത്തിലുള്ള കാര്യങ്ങൾ നടക്കാൻ തുടങ്ങിയാൽ ദീൻതന്നെ മാറിപ്പോകും. ഇതുകൂടാതെയും ഒരുപാട് കാര്യങ്ങൾ ഉടലെടുത്തുകൊണ്ടിരിക്കും. ചെറിയ ചെറിയ കാര്യങ്ങൾ വലിയ വലിയ ബുദ്ധിമുട്ടുകൾക്ക് വഴിയൊരുക്കും. അതുകൊണ്ട് സൂക്ഷ്മത പാലിക്കേണ്ടതാണ്.

നബി(സ) എന്ത് മാതൃകയാണ് നമ്മുടെ മുമ്പിൽ നിലനാട്ടിയത്. അവിടത്തെ പൊന്നോമന മകളുടെ വിവാഹം നടന്നു. എത്ര ലളിതമായാണ് ആ വിവാഹം നടന്നതെന്ന് നമുക്കറിയാം. പലപ്പോഴും ആ സംഭവം നമ്മൾ കേട്ടതുമാണ്. (ആളുകൾ ഇന്ന് കടം വാങ്ങിയാണ് സ്ത്രീധനം കൊടുക്കുന്നത്.) നബിയുടെ സ്വഹാബത്തിൽ നല്ല കഴിവുള്ളവരുമുണ്ടായിരുന്നു. അവർ നബി(സ) തിരുമേനിക്കു വേണ്ടി എല്ലാം സമർപ്പിക്കാൻ തയ്യാറുമായിരുന്നു. പക്ഷേ, വളരെ ലളിതമായിത്തന്നെ അവിടന്ന് തന്റെ മകളെ വരന്റെ വീട്ടിലേക്ക് യാത്രയാക്കി. ഹസ്റത്ത് ആയിശ(റ)യും ഹസ്റത്ത് ഉമ്മുസൽമ(റ)യും നിവേദനം ചെയ്യുന്നു. ഫാത്തിമായെ ഒരുക്കി അലിയുടെ അടുക്കൽ കൊണ്ടുപോകാൻ ഞങ്ങളോട് നബി(സ) കല്പിച്ചു. അതിനു മുമ്പേ അവർ മുറിയൊരുക്കി. ആയിശ(റ) പറയുന്നു. ഞങ്ങൾ തറ മണ്ണുകൊണ്ട് മെഴുകി. പിന്നീട് ഈത്തപ്പന ചകിരി നിറച്ച് രണ്ട് തലയണ തയ്യാറാക്കി. അതിനുശേഷം വന്നവർക്കൊക്കെ ഈത്തപ്പഴവും മുന്തിരങ്ങയും വിതരണം ചെയ്തു. അവരെ മധുരപാനീയം കുടിപ്പിച്ചു. വസ്ത്രങ്ങളും വെള്ളം നിറച്ച തോൽസഞ്ചിയും തൂക്കിയിടുന്നതിനായി മുറിയുടെ ഒരുഭാഗത്ത് ഒരു വടി കെട്ടിവെച്ചു. ഞങ്ങൾ ഹസ്റത്ത് ഫാത്തിമായുടെ വിവാഹത്തെക്കാൾ നല്ല വിവാഹം എങ്ങും കണ്ടിട്ടില്ല.

വിവാഹത്തിന്റെ ഹ്രസ്വമായ ഒരു ചിത്രീകരണമാണിത്. ഇങ്ങനെ നോക്കുമ്പോൾ ലാളിത്യത്തിന്റെ ഉന്നതമായ നിലയാണ് നബി(സ) സ്ഥാപിച്ചത്. തന്റെ മകളോട് പറഞ്ഞു: ഈ ലാളിത്യം തന്നെയാണ് യഥാർത്ഥത്തിൽ വേണ്ടത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു സത്യവിശ്വാസി ഇത് ശ്രദ്ധിക്കേണ്ടതാണ്. പിന്നീട് ഒരിക്കൽ കിണറ്റിൽനിന്ന് വെള്ളം കോരി കൈകളിൽ മുറിവാകുന്നുവെന്ന് പറഞ്ഞ് ഒരടിമയെ അവർ ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: സ്വയം കൈകൊണ്ട് പണിയെടുത്തുകൊള്ളുക. നിങ്ങളെക്കാൾ ആവശ്യമുള്ള ഒരുപാട് മുസ്ലിംകൾ വേറെയുണ്ട്. ലളിതമായ ജീവിതത്തിനുള്ള പാഠം സ്വന്തം വീട്ടിൽനിന്നുതന്നെ നബി(സ) അവർക്ക് നൽകി.

അതുകൊണ്ട് രണ്ട് തലയണമാത്രം കൊടുത്താൽ മതിയെന്ന് ഞാൻ പറയുന്നില്ല. ലളിതമായ ജീവിതത്തിനുള്ള ഒരു മാതൃകയാണിത്. ചടങ്ങുകൾ ലളിതമായിരിക്കണം. അനാവശ്യമായി ഭാരം വലിച്ചുകയറ്റിവയ്ക്കരുത്. ലാളിത്യത്തിന്റേയും ഉത്തമമായ പരിസ്ഥിതികളുടേയും ഉള്ളിൽ ഇരുന്നുകൊണ്ട് ഉള്ളതുകൊണ്ട് അതാത് കാലത്തെ ചടങ്ങുകളനുസരിച്ച് ഈ നിർബന്ധകടമ പൂർത്തിയാക്കേണ്ടതാണ്. വിവാഹത്തിന്റെ കടമയും അതിഥികളോടുള്ള ആതിഥ്യമര്യാദയും നിറവേറ്റേണ്ടതാണ്. പക്ഷെ, അതെല്ലാം തങ്ങളുടെ കഴിവിന്നുള്ളിൽ നിന്നുകൊണ്ടായിരിക്കണം. ഇതുസംബന്ധമായി പറയട്ടെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ മർയം ശാദിഫണ്ടിൽനിന്ന് ധാരാളം പെൺകുട്ടികളെ വിവാഹം കഴിച്ചയക്കാൻ സഹായിക്കുന്നുണ്ട്. പക്ഷെ ചില പെൺകുട്ടികളുടെ ഭാഗത്തുനിന്ന് ഇന്നതുണ്ടാക്കിത്തരിക, ഇന്നരീതിയിലുള്ളത് ഉണ്ടാക്കിത്തരിക എന്നും ഇത്ര പൈസ വേണമെന്നുമൊക്കെ പറഞ്ഞ് ഡിമാന്റ് വരുന്നു. ബുദ്ധിമുട്ടിക്കുകയും വാശിപിടിക്കുകയും ചെയ്യുന്ന ഇത്തരക്കാരോട് ഞാൻ പറയുകയാണ്. സമൂഹത്തിൽ കാണുന്ന അനാചാരങ്ങളും ചടങ്ങുകളും നിങ്ങളുടെ തലയിൽ കയറ്റിവയ്ക്കാതിരിക്കുക. നബി(സ)തിരുമേനി നിങ്ങളെ സ്വതന്ത്രരാക്കാനാണ് വന്നത്. ഇത്തരം അനാചാരങ്ങളിൽനിന്ന് നിങ്ങളെ അവിടന്ന് സ്വതന്ത്രരാക്കുകയും ചെയ്തു. ഇക്കാലഘട്ടത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ അംഗമായിക്കൊണ്ട് ഇക്കാര്യത്തിൽ നിങ്ങൾ കൂടുതൽ

ഉറച്ചവരായിത്തീർന്നിരിക്കുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്തിന്റെ ആറാമത്തെ നിബന്ധനയിൽ പറഞ്ഞിരിക്കുന്നു: "എല്ലാവിധത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുന്നതാണ്." ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും ശുക്ർ ചെയ്യാനും കൂടുതൽ ശ്രമിക്കുക. സമ്പന്നാരാണെങ്കിലും ദരിദ്രരാണെങ്കിലും അവരവരുടെ കഴിവിനനുസരിച്ച് എല്ലാവർക്കും ഒരുപോലെ ബാധകമാണ് ഈ നിബന്ധന. ഇത് ഓരോ അഹ്മദിയും എപ്പോഴും മുന്നിൽ കാണേണ്ടതാണ്. ഇതുസംബന്ധമായി സമ്പന്നരായ ആളുകളോട് മുമ്പേ ഞാൻ പറഞ്ഞിട്ടുണ്ട്. ഇപ്പോഴും അതാവർത്തിക്കുകയാണ്. മർയം ശാദിഫണ്ടിൽ തീർച്ചയായും നിങ്ങൾ പങ്കെടുക്കുക. പ്രത്യേകിച്ച് അവരുടെയോ അവരുടെ മക്കളുടെയോ വിവാഹമുണ്ടാകുമ്പോൾ ഏതെങ്കിലും ദരിദ്രരായ പെൺകുട്ടിയുടെ വിവാഹവും നടത്തണമെന്ന കാര്യം അവർ തീർച്ചയായും ഓർക്കേണ്ടതാണ്.

വിവാഹത്തിന് മഹ്ർ നിശ്ചയിക്കുന്ന ഒരു പ്രശ്നവുമുണ്ട്. ഏതെങ്കിലും വിവാഹം പരാജയപ്പെടുകയാണെങ്കിൽ പുരുഷൻ മോശമായി പെരുമാറുന്നതിനാൽ അവന്നെതിരിൽ നടപടിയുണ്ടാകുന്നു. അതുകൊണ്ട് ആദ്യമേതന്നെ നല്ലവണ്ണം ചിന്തിച്ചും ആലോചിച്ചും മഹ്ർ നിശ്ചയിക്കേണ്ടതാണ്. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയാകരുത് മഹ്ർ നിശ്ചയിക്കുന്നത്. കഴിവിനനുസരിച്ച് മഹ്ർ നിശ്ചയിക്കുക.

അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു: ഒരാൾ നബിയുടെ അടുക്കൽ വന്നുപറഞ്ഞു. ഞാൻ അൻസാറുകളിൽനിന്ന് ഒരു സ്ത്രീയെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നു. താങ്കൾ അവളെ കണ്ടുവോ എന്ന് നബി(സ) ചോദിച്ചു. കണ്ടുവെന്ന് അദ്ദേഹം പറഞ്ഞു. മഹ്ർ എന്താണ് നിശ്ചയിക്കുന്നതെന്ന് അവിടന്ന് ആരാഞ്ഞു. നാല് ഔഖിയ വെള്ളി എന്ന് അയാൾ അറിയിച്ചു. നാല് ഔഖിയ! നബി(സ) അത്ഭുതത്തോടെ ചോദിച്ചു. ഈ മല കിളച്ച് അതിൽനിന്നെടുത്താണോ താങ്കൾ അത് കൊടുക്കുക? താങ്കൾക്ക് ഇത്രമാത്രം തരാൻ നമ്മുടെ കൈയിലില്ല. ഏതെങ്കിലും സൈന്യത്തിൽ താങ്കളെ അയക്കാമെന്നും അവിടെനിന്ന് ഗനീമത്ത് മുതൽ എന്തെങ്കിലും കിട്ടിയാൽ കുറച്ച് അതിൽനിന്ന് എടുത്തുകൊള്ളുക എന്നും പറഞ്ഞ് ബനീ അബ്സിലേക്ക് അയച്ച സൈന്യത്തോടൊപ്പം നബി(സ) അയാളെ അയച്ചു. കഴിവിന്നതീതം മഹ്ർ നിശ്ചയിക്കുന്നത് അവിടന്ന് ഇഷ്ടപ്പെട്ടിരുന്നില്ല. താങ്കൾ നിശ്ചയിച്ച മഹ്ർ താങ്കളുടെ കഴിവിന്നതീതമാണെന്ന് അവിടന്ന് അയാളോട് പറഞ്ഞു. എന്നുമാത്രമല്ല അത് തന്നോടു വന്ന് ചോദിക്കുമെന്നും താനത് കൊടുക്കേണ്ടിവരുമെന്നും നബി(സ)ന് അറിയാമായിരുന്നു.

മഹ്ർ വേണ്ടപോലെ കൈകാര്യം ചെയ്യാത്തതിനാൽ ഒരുപാട് ദോഷങ്ങളുണ്ടാകാറുണ്ട്. ഖളായിൽ ഇതുസംബന്ധമായി ഒരുപാട് പരാതികൾ വരുന്നുണ്ട്. വിവാഹത്തിന് മുമ്പേ, പെൺവീട്ടുകാർ ചെറുക്കനിൽനിന്ന് വൻമഹ്ർ വാങ്ങാനായി ശ്രമം നടത്തുന്നു. വിവാഹത്തിനുശേഷം എന്തെങ്കിലും പ്രശ്നമുണ്ടായാൽ, ത്വലാഖ് കൊടുക്കേണ്ട സന്ദർഭമുണ്ടായാൽ ചെറുക്കൻ എങ്ങനെയെങ്കിലും മഹ്ർ ഒഴിവാക്കാൻ ശ്രമിക്കുന്നു. പിന്നെ ജമാഅത്തിനും എനിക്കും അത് ബുദ്ധിമുട്ടിന് കാരണമായിത്തീരുന്നു. മഹ്ർ കൊടുക്കാത്ത കാരണത്താൽ നടപടിയെടുക്കേണ്ടി വരുന്നു. ഇക്കാര്യത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മഹ്ർ എത്ര നിശ്ചയിക്കണമെന്ന് ആരോ ചോദിച്ചു. അവിടന്ന് പറഞ്ഞു: "മഹ്ർ ഇരുകക്ഷികളുടേയും ഇഷ്ടത്താൽ തീരുമാനിക്കേണ്ടതാണ്. ഹദീസിൽ ഇതിന് ഒരുപരിധി വെച്ചിട്ടില്ല. ഓരോ കാലത്തേയും ജനങ്ങളുടെ അവസ്ഥക്കനുസരിച്ചാണ് ഇത് തീരുമാനിക്കപ്പെടുന്നത്. നമ്മുടെ നാട്ടിൽ നിയ്യത്തൊന്നും പ്രവർത്തി മറ്റൊന്നുമാണ് കാണുന്നത്. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപ മഹ്ർ നിശ്ചയിക്കാറുണ്ട്. ചെറുക്കൻ തങ്ങളുടെ ചൊല്പടിയിൽതന്നെയിരിക്കുന്നതിനുവേണ്ടി ഈ രീതിയിൽ കൂടുതൽ മഹ്ർ സമ്മർദ്ദം ചെലുത്തി നിശ്ചയിക്കുന്നു. ഇതുമുഖേന മറ്റു ദോഷകരമായ ഫലങ്ങളും കാണാനിടയാകുന്നു. സ്ത്രീകൾക്ക് മഹ്ർ കൈയിൽ കിട്ടണമെന്നോ പുരുഷന് അത് കൊടുക്കണമെന്നോ ഉള്ള ഉദ്ദേശ്യമുണ്ടാകാറില്ല. അതിനാൽ വഴക്കുകൾ ഉണ്ടാകുമ്പോൾ ഇരുകക്ഷികളും തൃപ്തിയോടുകൂടിയാണ് മഹ്ർ നിശ്ചയിച്ചിരുന്നതെന്ന് തെളിയുന്നതുവരെ നിശ്ചിതമഹ്ർ പുരുഷനെകൊണ്ട് കൊടുപ്പിക്കാൻ പാടില്ല. ഇതിൽ അവന്റെ കഴിവും അവിടത്തെ പതിവും കണക്കിലെടുത്ത് തീരുമാനമെടുക്കേണ്ടതാണ്. കാരണം ദുരുദ്ദേശ്യത്തെ ശരീഅത്തോ മറ്റു നിയമമോ അംഗീകരിക്കുന്നില്ല.

ഇത്തരം പ്രശ്നങ്ങളും ഖളാബോർഡ് നോക്കേണ്ടതാണ്. ചെറുക്കന്റെ കഴിവിനനുസരിച്ചിട്ടാണോ മഹ്ർ നിശ്ചയിച്ചിട്ടുള്ളത്. മഹ്ർ നിശ്ചയിച്ച സന്ദർഭത്തിൽ ചെറുക്കന്റെ സാമ്പത്തികനിലയെക്കുറിച്ച് അറിയുന്നതിന് ഇത്തരം ഘട്ടങ്ങളിൽ ആഴത്തിൽ ചെന്ന് കാര്യങ്ങൾ അന്വേഷിക്കേണ്ടി വരും. മഹ്ർ നിശ്ചയിക്കുന്ന കാലത്തുള്ള സാമ്പത്തികനില നിർണ്ണയിക്കുന്നതിന് ഇരുകക്ഷികളും ചൊവ്വായ സംസാരംകൊണ്ട് സഹകരിക്കേണ്ടതാണ്. വാങ്ങുന്നവൻ മറ്റുള്ളവന്റെ അവകാശം പിടിച്ചെടുക്കാനോ കൊടുക്കുന്നവൻ തന്റെ വയറ്റിൽ തീ പൊരി നിറയ്ക്കാനോ ശ്രമിക്കരുത്.

ഹഖ്മഹ്ർ കൊടുത്തുവീട്ടുന്നത് സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചു.

ഒരു സ്ത്രീയും അവരുടെ മഹ്ര്‍ പൊരുത്തപ്പെടാന്‍ തയ്യാറാവുകയില്ല. എന്നിട്ടും വിവാഹം നടന്ന ഉടനെ പറയുന്നു മഹ്ര്‍ പൊരുത്തപ്പെട്ടേക്കാന്‍. ഇത് സ്ത്രീയുടെ അവകാശമാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. ഇത് അവള്‍ക്ക് കൊടുക്കേണ്ടതാണ്. നിക്കാഹിന്റെ അവസരത്തില്‍തന്നെ കൊടുക്കുക. ഇല്ലെങ്കില്‍ പിന്നീട് കൊടുത്തുവീട്ടേണ്ടതാണ്. പാക്കിസ്ഥാനിലും ഇന്ത്യയിലും ഒരു സമ്പ്രദായം നിലനില്ക്കുന്നുണ്ട്. അതായത്, ഭര്‍ത്താവിന്റെ മരണസമയത്തോ അതിനു മുമ്പോ മഹ്ര്‍ പൊരുത്തപ്പെടീക്കുക എന്നതാണത്. ഇത് എങ്ങും നാട്ടുനടപ്പായി തീര്‍ന്നിരിക്കുന്നു.

ഒരിക്കല്‍ ഹസ്റത്ത് മസീഹ് മൗഊദ്(അ) നോട് തന്റെ മഹ്ര്‍ തന്റെ ഭാര്യ പൊരുത്തപ്പെട്ടുവെന്ന് ഒരു സഹാബി പറഞ്ഞു. താങ്കള്‍ അവളുടെ കൈയില്‍ മഹ്ര്‍ കൊടുത്തുവോ എന്ന് അവിടന്ന് ചോദിച്ചു. ഇല്ലാ എന്ന് അദ്ദേഹം അറിയിച്ചു. എന്നാല്‍, വീട്ടില്‍പോയി മഹ്ര്‍ ഭാര്യയുടെ കൈയില്‍ കൊടുക്കാനും അതിനുശേഷം അവര്‍ പൊരുത്തപ്പെട്ട് മടക്കിതരികയാണെങ്കില്‍ അത് എടുത്തുകൊള്ളാനും അവിടന്ന് നിര്‍ദ്ദേശിച്ചു. അയാള്‍ മടങ്ങിവന്നിട്ട് പറഞ്ഞു: ഞാന്‍ വീട്ടില്‍പോയി, മഹ്ര്‍ എന്റെ ഭാര്യയുടെ കൈയില്‍ കൊടുത്തു. പക്ഷെ അവള്‍ തിരിച്ചുതന്നില്ല.'' ഇങ്ങനെയാണ് നാം ചെയ്യേണ്ടത്. ആദ്യം മഹ്ര്‍ കൈയില്‍ കൊടുക്കുക. പിന്നീട് പൊരുത്തപ്പെടീക്കുക.

കുറച്ചുദിവസം മുമ്പേ ബംഗ്ലാദേശില്‍നിന്ന് ഒരു കത്തെഴുതി ചോദിക്കുകയുണ്ടായി. എന്റെ ഭാര്യ മരണപ്പെട്ടു. ഞാന്‍ മഹ്ര്‍ കൊടുത്തിരുന്നില്ല. ഇനിയിപ്പോള്‍ ഞാന്‍ എന്താണ് ചെയ്യേണ്ടത്? ഇത്തരം ഒരു ചോദ്യം ഹസ്റത്ത് മസീഹ് മൗഊദ്(അ)നോടും ചോദിച്ചിരുന്നു. അവിടന്ന് പറഞ്ഞു. മഹ്ര്‍ അവരുടെ അവകാശ സ്വത്താണ്. നിങ്ങളുടെ പേരില്‍ അത് കടമായിരിക്കുന്നു. നിങ്ങളത് കൊടുത്തുവീട്ടേണ്ടതാണ്. അതവരുടെ മറ്റു മുതലിനോടൊപ്പം ശരീഅത്തുപരമായി വീതിച്ചുകൊടുക്കുക. അതിലൊരു വീതം ഭര്‍ത്താവിനുമുണ്ട്. ഇല്ലെങ്കില്‍ അവരുടെ പേരില്‍ സദഖ കൊടുക്കുക.

യൂറോപ്പില്‍ മഹ്ര്‍ സംബന്ധമായി ചില വഴക്കുകള്‍ നടക്കാറുണ്ട്. തലാഖുണ്ടാകുമ്പോള്‍ സര്‍ക്കാര്‍ നിയമം ഞങ്ങളുടെ അവകാശം നേടിത്തരുന്നതിനാല്‍ അത് മതിയായതാണ്, ഹഖ്മഹ്ര്‍ കൊടുക്കേണ്ടതില്ലെന്ന് ചിലര്‍ മനസ്സിലാക്കുന്നു. ഒന്നാമതായി മനസ്സിലാക്കേണ്ടത് കുട്ടികളുണ്ടെങ്കില്‍ ആ മഹ്ര്‍ കുട്ടികളുടെ അവകാശമാണ്. ഭാര്യയ്ക്ക് ഒരുപരിധിവരെ അതവകാശപ്പെട്ടതാണെങ്കിലും ഒരുകാലം വരെ മാത്രമാണത്. അതുകൊണ്ട് പിന്നീട് ഹഖ്മഹ്ര്‍ കൊടുക്കാന്‍ പാടില്ലെന്ന ആവശ്യം എന്റെ നോട്ടത്തില്‍ അനുവദനീയമല്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഒന്നാമതായി സാമ്പത്തികശേഷി നോക്കി ഹഖ്മഹ്ര്‍ നിശ്ചയിക്കുക. കഴിവിന്നതീതമാകാന്‍ പാടില്ല. അതെത്ര വേണമെന്ന് ഖളാബോര്‍ഡിന് നിശ്ചയിക്കാന്‍ കഴിയും. നിശ്ചയിച്ചുകഴിഞ്ഞാല്‍, പറഞ്ഞു, അതൊരു കടമാണെന്ന്. കടം വീട്ടേണ്ടത് എന്തൊക്കെയായാലും നിര്‍ബന്ധമാണ്. അതുകൊണ്ട് കുതന്ത്രങ്ങളൊന്നും നിശ്ചയിക്കാന്‍ പാടില്ല. കടം എന്നനിലയിലുള്ള ഈ തുക കൊടുത്തുവീട്ടേണ്ടതുതന്നെയാണ്. ഇതിന് സര്‍ക്കാര്‍നിയമത്തിലൂടെ നേടിയെടുക്കുന്ന അവകാശവുമായി ഒരു ബന്ധവുമില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തില്‍ പറഞ്ഞു. ഒരാള്‍ക്ക് കൊടുക്കാന്‍ കഴിയുന്നത് പത്തുരൂപ മാത്രമാണ്. അയാള്‍ക്ക് എങ്ങനെയാണ് ഒരുലക്ഷം രൂപ മഹ്ര്‍ നിശ്ചയിക്കാന്‍ കഴിയുക. അതിനാല്‍ കഴിവിന്നനുസരിച്ച് ഹഖ്മഹ്ര്‍ നിശ്ചയിക്കുന്നതിനും അത് മാറ്റിനിശ്ചയിക്കുന്നതിനുമുള്ള അവകാശം ജമാഅത്തിനുണ്ട്. അനഹ്മദികള്‍ ഒരുപാട് അനാചാരങ്ങള്‍ ഇതിനിടയില്‍ കൊണ്ടുവന്ന് ദീനിനെ തമാശയാക്കിയിരിക്കുകയാണ്. ഉദാഹരണത്തിന് ഇന്നത്തെ ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ മുസ്ലിംകള്‍ മഹ്ര്‍ നിശ്ചയിച്ചിരുന്നത് രണ്ട് മന്ന് കൊതുകിന്റെ കൊഴുപ്പായിരുന്നു. ഇത്രയും കൊഴുപ്പും കിട്ടില്ല, ഹഖ്മഹ്ര്‍ കൊടുക്കുകയുമില്ല. ഇത് തികച്ചും തെറ്റാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു.

ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ നാം വിശ്വസിച്ചതില്‍ അല്ലാഹുവില്‍ നന്ദി രേഖപ്പെടുത്തേണ്ടതാണ്. ആ മഹാത്മാവ് കല്പന പാലിക്കാത്ത ഈ മുസ്ലിം മതപണ്ഡിതന്മാരുടെ ഫത്‌വകളില്‍നിന്ന് നമ്മെ രക്ഷിച്ചിരിക്കുന്നു. അതുകൊണ്ട് ഇക്കാര്യത്തില്‍ ദമ്പതികളും അവരുടെ ബന്ധുക്കളും എപ്പോഴും ചൊവ്വായ കാര്യങ്ങള്‍ പറയുകയും തഖ്‌വയോടുകൂടി പ്രവര്‍ത്തിക്കുകയും ചെയ്തുകൊണ്ട് അല്ലാഹുവിന് ശുക്ര്‍ ചെയ്യുക.

അനാവശ്യമായ ചെലവുകള്‍ ഇക്കാലത്ത് ഒരുപാട് വര്‍ദ്ധിച്ചിട്ടുണ്ട്. കഴിവില്ലാത്തവര്‍ ഇക്കാര്യം നിറവേറ്റുന്നതിനായി സാമ്പത്തികസഹായം ആവശ്യപ്പെടുന്നു. സ്ത്രീയുടെ വീട്ടുകാരും പുരുഷന്റെ വീട്ടുകാരും അമിതചെലവാണ് നടത്തുന്നത്. ഭക്ഷണം കൊടുക്കരുതെന്നും ആ രീതിയില്‍ ആരേയും ക്ഷണിക്കരുതെന്നും പാക്കിസ്ഥാനില്‍ ഇപ്പോള്‍ നിയമം പാസാക്കിയിട്ടുണ്ട്. എന്നിട്ടും ചിലയാളുകള്‍ പല തന്ത്രങ്ങളിലൂടെയും ഇത് നടത്തിവരുന്നു. കഴിവിനനുസരിച്ചേ ചെലവ് ചെയ്യാവൂ എന്നു പറയുമ്പോള്‍ ഒരുനേര ഭക്ഷണം മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂ എന്നാണ് മറു

പടി. ചോദ്യം ഒന്നോ രണ്ടോ നടത്തിയോ എന്നല്ല. കഴിവില്ലെങ്കിൽ അത് ചെയ്യരുതെന്നാണ്. നിയമമനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. കഴിയുന്നത്ര ആളുകളെ മാത്രം വീട്ടിലേക്ക് ക്ഷണിച്ച് ഭക്ഷണം കൊടുക്കുക. സമ്പന്നരായ ചിലർ അനാവശ്യമായി ഭക്ഷണസാധനങ്ങൾ നഷ്ടപ്പെടുത്തിക്കളയുന്നു. എട്ടുപത്ത് തരത്തിലുള്ള ഭക്ഷണങ്ങളും കറികളും തയ്യാറാക്കും. അതെല്ലാം കഴിച്ചുതീർക്കുക ആർക്കും സാദ്ധ്യമല്ല. അതിലധികവും നഷ്ടപ്പെട്ടുപോകുകയാണ് ചെയ്യാറ്. യൂറോപ്പിൽനിന്ന് നാട്ടിലേക്ക് പോകുന്ന ഒരുപാടാളുകൾ ഇതിൽപെടുന്നുണ്ട്. നാട്ടിൽ ചെന്നിട്ട് സ്വവിവാഹത്തിനോ അല്ലെങ്കിൽ ബന്ധുക്കളുടെ വിവാഹത്തിനോ യൂറോപ്പിൽനിന്നാണ് വരുന്നതെന്ന് കാണിക്കും വിധമാണ് ചെലവ് ചെയ്യുന്നത്. ഭക്ഷണം ബാക്കിയായാൽ അത് ദരിദ്രരായ ആളുകൾക്ക് കൊടുക്കാറുമില്ല. അങ്ങനെയാണെങ്കിൽ അതവർക്ക് പ്രയോജനപ്പെടുമായിരുന്നു. അതുകൊണ്ട് നിങ്ങൾക്ക് അത്ര നല്ല കഴിവുണ്ടെങ്കിൽ ഞാൻ പറഞ്ഞതുപോലെ ദരിദ്രരായ പെൺകുട്ടികളുടെ വിവാഹത്തിന് സഹായിക്കാൻ വേണ്ടി ചന്ദഃ കൊടുക്കുക.

വീടുകളെ അലങ്കരിക്കാനും മോടിപിടിപ്പിക്കാനും വൻചെലവുകൾ വരുന്നുണ്ട്. റബ്വയിൽ വിവാഹം നടത്തുന്ന ചിലർ അപകർഷതാബോധത്തിന്നിരയായിത്തീരുന്നു. ഇവിടന്ന് അവിടെ ചെല്ലുന്നവരും ചില റബ്വക്കാരും ഇതിൽപെടുന്നു. നാട്ടിൽ തൊഴിലെടുത്ത് ജീവിക്കുന്നവരുടെ കയ്യിൽ പണം കുറവായതുകൊണ്ട് അധികം പേരും ഇങ്ങനെയാകാറില്ല– ഒന്നോ ഒറ്റയോ ഉണ്ടാകാം. റബ്വയിൽ തദ്ദേശവാസികളായ പണ്ടാരികളും പന്തൽ കെട്ടുന്നവരുമുണ്ട്. ഇത്തരക്കാരെ വിളിക്കാതെ വിശാലമായ ഏർപ്പാട് ചെയ്യാൻ ലാഹോർ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ആളെ കൊണ്ടുവന്ന് ഈ പണികൾ എടുപ്പിക്കുന്നു. എല്ലാവർക്കും ഓരോ ഇഷ്ടമുണ്ടെന്നത് ശരിതന്നെ. അതനുസരിച്ച്ചെയ്തുകൊള്ളുക. പക്ഷെ അപകർഷതാബോധത്തോടെ ഇങ്ങനെ ചെയ്യാൻ പാടില്ല. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയുള്ള അപകർഷതാബോധം അഹ്മദികൾക്കൊരിക്കലും ഉണ്ടാകരുത്. എന്നല്ല ഒരുതരത്തിലുള്ള അപകർഷതാബോധവും ഉണ്ടാകരുത്.

ഈ വളയമാണ് ഇന്ന് മനുഷ്യന്റെ കഴുത്തുകളെ ഞെരിച്ചുകൊണ്ടിരിക്കുന്നത്. റബ്വയിൽ ഇത്തരം തൊഴിലുകൾ ചെയ്യുന്ന തൊഴിലാളികളേയും ശ്രദ്ധിക്കേണ്ടതാണ്. അവിടെ എല്ലാ സാധനസാമഗ്രികളും ലഭ്യമാണ്. റബ്വയിലെ തൊഴിലാളികളെ സഹായിക്കേണ്ടതാണ്. അത് ചെറിയൊരു പട്ടണമാണ്. അവിടെ ഇത്തരം ജോലികൾ ചെയ്തുകൊടുക്കാനാണ് അവർ ഇരിക്കുന്നത്. അതുകൊണ്ട് അഹ്മദികൾ എപ്പോഴും അഹ്മദികളെ ശ്രദ്ധിക്കണം.

റബ്വയിലെ തൊഴിലാളികളോടും ഞാൻ പറയുകയാണ്, നിങ്ങൾ നിങ്ങളുടെ സർവ്വസീന്റെ നിലവാരം മെച്ചപ്പെടുത്തുക. ഒരുതരത്തിലുള്ള കുറവും ഉണ്ടാകാൻ പാടില്ല. ഇക്കാര്യത്തിൽ മറ്റുള്ളവരുമായിട്ട് മത്സരമുണ്ടാകണം. നിങ്ങളുടെ വേതനവും ഉചിതമായ നിലയിൽ നിശ്ചയിക്കേണ്ടതാണ്. പണം കൂടുതൽ വാങ്ങരുത്. പണം കൂടുതൽ വാങ്ങുന്നതുകൊണ്ടാണ് ഇവരെ പണിക്കു വിളിക്കാത്തതെന്ന പരാതിയുണ്ടാകാൻ പാടില്ല. തൊഴിലിന്റെ തന്ത്രമിതാണ്. ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) റബ്വ രൂപീകരിച്ചപ്പോൾ അന്നത്തെ കച്ചവടക്കാരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: "നല്ല സാധനങ്ങൾ ജനങ്ങൾക്ക് കൊടുക്കുക. ഏറ്റവും കുറച്ച് ലാഭമെടുക്കുക. ഇതുമുഖേന നിങ്ങളുടെ കച്ചവടം തിളങ്ങുന്നതാണ്. വഞ്ചനയിലൂടെ ഒരിക്കലും കച്ചവടം വിജയിക്കുകയില്ല."

അല്ലാഹുതആല ഇതെല്ലാമനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. എല്ലാവിധ അനാചാരങ്ങളിൽനിന്നും നാട്ടുസമ്പ്രദായങ്ങളിൽനിന്നും നാമെല്ലാം സ്വതന്ത്രരായിത്തീരട്ടെ. അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരട്ടെ. നബി(സ)യുടെ സുന്നത്തനുസരിച്ച് ജീവിക്കുന്നവരായിത്തീരട്ടെ. ഇക്കാലത്തെ വിധികർത്താവിന്റെ പാഠമനുസരിച്ച് ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുന്നവരാകട്ടെ. ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുക എന്ന കൃത്യം എല്ലാ നന്മകളും ഉൾക്കൊള്ളുന്നതാണ്. എല്ലാ തിന്മകളും അനാചാരങ്ങളും നാട്ടുനടപ്പുകളും ഉപേക്ഷിക്കാൻ അത് പ്രേരിപ്പിക്കുന്നു. ഇതിലേക്കും പ്രത്യേകമായി ശ്രമിക്കാൻ അല്ലാഹു എല്ലാവർക്കും സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 25.11.2005 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala